**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3519** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷികമേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികമേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; ഇതിനായി പ്രത്യേകം പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ ഉല്പാദനവു ഉല്പാദനക്ഷമതയും ഉയർത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉറപ്പാക്കുന്നതിലും, ടി സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പോകുന്ന പുതിയ പദ്ധതികൾ തുടങ്ങിയവ അവലോകനം ചെയ്യുന്നതിനായ് പ്രസ്തുത സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെയും, ചെയർമാൻമാരെയു ഉൾപ്പെടുത്തികൊണ്ട് യോഗ ബഹു.മന്ത്രിയുടെയും, കൃഷി വകുപ് സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിൽ നിശ്ചിത ഇടവേളകളിൽ നടത്തി വരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ ഓരോ സ്ഥാപനത്തിന്റെയു പ്രശ്നങ്ങൾ കൃത്യമായി പഠിച്ച് അവ പ്രത്യേകമായി പരിശോധിച്ച് ഏത് രീതിയിൽ ഇവയൊക്കെ പരിഹരിക്കുവാനാകുമെന്ന വ്യക്തമായ പദ്ധതി തയാറാക്കുവാൻ ടി സ്ഥാപനങ്ങളിലെ ചെയർമാൻ/മാനേജിംഗ് ഡയറക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ തയ്യാറാക്കി നല്കിയിട്ടുള്ള short term & long term ശിപാർശകൾ പരിഗണനയിലാണ്.<br><br>കാർഷിക മേഖലയിലെ പൊതുമേഖല സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ പ്രവർത്തന വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുള്ള ശിപാർശ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുമായി ഒരു കമ്മിറ്റ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റ ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള റിപ്പോർ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേരഫെഡിൽ ഉല്പന്ന വൈവിധ്യവൽക്കരണം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. കേരഫെഡിൽ ഉല്പന്ന വൈവിധ്യവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കോക്കനട്ട് ഓയിൽ, കോക്കനട്ട് മിൽക്ക്പൗഡർ, ഡെസിക്കേറ്റഡ് കോക്കനട്ട് ഹെയർ ഓയിൽ എന്നിവ വ്യാവസായികമായി ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്തുവരുന്നു. വൈവിധ്യ വൽക്കരണത്തിലൂടെ ഉന്നത നിലവാരത്തിലുള്ള വിവിധങ്ങളായ നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങൾ ന്യായമായ വിലയിൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുക, നാളികേര മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയും സുസ്ഥിരതയും വർധിപ്പിക്കുക, ഇതിലൂടെ നാളികേര കർഷകരുടെ വരുമാന വർദ്ധന സാധ്യമാക്കുക എന്നിവയാണ് ലക്ഷ്യമാക്കുന്നത്. |
| (സി) | ഹോർട്ടികോർപ്പ് പുതുതായി ഔട്ട്ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ്, ഹൈറേഞ്ച് ബീ കീപ്പിംഗ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. പഴവും പച്ചക്കറികളും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി എല്ലാ നിയോജക മണ്ഡലങ്ങളിലും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി 140 ഗ്രാമശ്രീ ഹോർട്ടി ബസാറുകളും, പഞ്ചായത്ത്/ കോർപ്പറേഷൻ / മുൻസിപ്പാലിറ്റികളിൽ 1,232 ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് ആരംഭിച്ചു. നാളിതുവരെ 35 ഗ്രാമശ്രീ ഹോർട്ടിസ്റ്റോറുകൾ ഹോർട്ടികോർപ്പ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക്തല സംഭരണ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്.<br><br>NABARD RIDF XXVII ഫണ്ടുപയോഗിച്ച് 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ, തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ ഇന്റഗ്രേറ്റഡ് പാക്ക്ഹൗസുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇടുക്കി ജില്ലയിലെ കൊച്ചറയിൽ ഹൈറേഞ്ച് ബീ കീപ്പിംഗ് സെന്റർ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ